**File No.NREGA/211/2022-B1**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
പബ്ലിക് ഓഫീസ്, മൂന്നാംനില, റവന്യൂ കോംപ്ലക്സ്, വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം -695033
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

---

നം.64379/B1/REGS/21 തിയതി : 26/04/2022

<u>**സർക്കുലർ**</u>

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - സ്വകാര്യ ഭൂമിയിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടത്തുന്നത്- - സംബന്ധിച്ച്.

തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന അവസരത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പട്ടിക 1 ഖണ്ഡിക 5- ൽ ഉൾപ്പെടുന്ന പാർശ്വവത്കരിക്കപ്പെട്ട കുടുംബങ്ങളുടെ ഭൂമിക്കും, ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിക്കും ഉപരിയായി, മറ്റ് വിഭാഗങ്ങളുടെ ഭൂമിയിൽ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുമോയെന്ന വിവരം അറിയിക്കാൻ ആവശ്യപ്പെടുന്നുണ്ട്. 'നീരുറവ്' പദ്ധതിയിലോ മറ്റു നീർത്തട പദ്ധതികളിലോ ഉൾപ്പെടുത്തി സമഗ്ര നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സാഹചര്യത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സാധനസാമഗ്രികൾ ആവശ്യം ഇല്ലാത്ത കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രെഞ്ചുകൾ, മഴക്കുഴികൾ തുടങ്ങിയ പ്രവൃത്തികൾ നീർത്തടത്തിന്റെ ഉയർന്ന ഭാഗത്തു നിന്നും താഴേക്ക് (Ridge to Valley) എന്ന തത്വം കർശനമായി പാലിച്ചുകൊണ്ട് എല്ലാ ഭൂമിയിലും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ കാർഷിക ആവശ്യത്തിനുള്ള ബണ്ടുകളുടെ നിർമാണം അടക്കമുള്ള വിവിധ ഭൂവികസന പ്രവൃത്തികൾ, വൃക്ഷവൽക്കരണം, കിണർ റീചാർജ്ജ്, കാർഷിക കുളങ്ങൾ, ജലസേചന കിണറുകൾ, മറ്റു വരുമാന ദായക ആസ്തികൾ, ശുചിത്വവുമായി ബന്ധപ്പെട്ട കമ്പോസ്റ്റ പിറ്റ്, സോക്പിറ്റ് തുടങ്ങിയ വ്യക്തിഗത ആസ്തികൾ എന്നിങ്ങനെയുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് നിയമം 2005 പട്ടിക 1 ഖണ്ഡിക 5- ൽ ഉൾപ്പെടുന്ന പാർശ്വവത്കരിക്കപ്പെട്ട കുടുംബങ്ങളുടെ ഭൂമിക്കും, അത്തരം കുടുംബങ്ങൾക്ക് ആസ്തികൾ നല്കിയ ശേഷം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയ്ക്കും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്

വിശ്വസ്തതയോടെ

**MISSION DIRECTOR**

എല്ലാ ജോയിൻറ് പോഗ്രാം കോർഡിനേറ്റർമാർക്കും